(ബി) എങ്കിൽ ഈ ലക്ഷ്യം നേടുന്നതിനായി എന്തെല്ലാം നടപടികളെടുത്തു;

(സി) ഇപ്പോൾ എത്ര വനിതാ ഡെയറി സംഘങ്ങൾ ഉണ്ട്;

(ഡി) കൂടുതൽ വനിതാ ഡെയറി സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാനുദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീര സംഘങ്ങളിലെ പ്രൊമോട്ടർമാരിൽ 50 ശതമാനം വനിതകൾക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് എന്നുള്ള നിർദ്ദേശം എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്. താൽപ്പര്യമുള്ള അതിവ്യാപനമില്ലാത്ത സ്ഥലങ്ങളിൽ പുതിയതായി വനിതാ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പാൽ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ

88 [2955] ശ്രീ. ഡി. സുഗതൻ:

„ എം. എ. ചന്ദ്രശേഖരൻ:

„ വർക്കല കഹാർ:

„ സി. പി. മുഹമ്മദ്:

„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് ഏതെങ്കിലും പാൽ സഹകരണ സംഘങ്ങൾ പാലുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സംഘങ്ങൾ;

(സി) എന്തെല്ലാം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവ വിറ്റഴിക്കുവാൻ മിൽമ എന്ത് സഹായമാണ് നൽകിവരുന്നത് എന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃത്യമായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐസ്ക്രീം, പേഡ, മിൽക്ക് ചോക്കളേറ്റ്, തൈര്, സിപ്അപ്പ്, ഗുലാബ് ജാമുൻ, പനീർ, തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ഡി) മിൽമ ഇതിനായി സഹായമൊന്നും നൽകുന്നില്ല.

കാർഷിക വ്യാപാരാഭിവൃദ്ധി ലക്ഷ്യമാക്കി വെഞ്ചർ യൂണിവേഴ്സിറ്റി

89 [2956] ശ്രീ. തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വ്യാപാരാഭിവൃദ്ധി ലക്ഷ്യമാക്കി വെഞ്ചർ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം ഡോ. സ്വാമിനാഥൻ കമ്മിറ്റി ശുപാർശ ചെയ്തിരുന്നോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതു സംബന്ധിച്ച് കാർഷിക യൂണിവേഴ്സിറ്റി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഈ പ്രോജക്ട് നടപ്പിലാക്കൽ ഏതു ഘട്ടം വരെയായി എന്നറിയിക്കാമോ?

ഉത്തരം

(എ) വെഞ്ചർ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ശുപാർശ ചെയ്തിരുന്നു.

(ബി) കാർഷിക വ്യാപാരാഭിവൃദ്ധി ലക്ഷ്യമാക്കി, ആധുനിക വിവര സാങ്കേതിക വിദ്യയുടെയും വാർത്താവിനിമയ സാങ്കേതിക വിദ്യയുടെയും സവിശേഷ ഗുണങ്ങൾ പ്രയോജനപ്പെടുത്തി ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സ്ഥാപനമായി ഒരു കൽപ്പിത സർവ്വകലാശാല (വെഞ്ചർ യൂണിവേഴ്സിറ്റി) രൂപീകരിക്കുന്നതിനാണ് സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നത്. ആഭ്യന്തര ആഗോള വ്യാപാരത്തെ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ യഥാകാലം കർഷകർക്ക് എത്തിച്ചു കൊടുക്കുക, അതുപോലെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട ഉൽപ്പന്ന ശുചിത്വം സംബന്ധിക്കുന്ന കോഡക്സ് എലിമെന്റേറിയസ് പോലുള്ള വ്യവസ്ഥകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക, പേറ്റന്റ് സംബന്ധിച്ച അറിവ് കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് ഇതിന്റെ സംസ്ഥാപനത്തിലൂടെ ഉദ്ദേശിക്കുന്നത്. കമ്പ്യൂട്ടറിന്റെ പ്രയോജനത്തോടെ ഇന്റർനെറ്റിന്റെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഹബ്ബും സ്പോക്കും ചേർന്നു പ്രവർത്തിക്കുന്ന മാതൃകയിൽ സർവ്വകലാശാല പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഹബ്ബ് (കേന്ദ്രം) ആയി കേരള കാർഷിക സർവ്വകലാശാലയും സ്പോക്കുകളായി ഓരോ ജില്ലാ കേന്ദ്രങ്ങളും പ്രവർത്തിക്കും. ഹബ്ബും സ്പോക്കുകളും ടെലിവിഷൻ ചാനലുകളോടും സമൂഹ റേഡിയോ സ്റ്റേഷനുകളോടും ബന്ധിപ്പിച്ച് ആവശ്യമായ വിവരങ്ങൾ കർഷകരിലെത്തിക്കാമെന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly